# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം
## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 524
## 10.3.2015-ലെ മറുപടിക്ക്
## സർക്കാർ ബാങ്കുകളിലും ട്രഷറിയിലും നിക്ഷേപിച്ചിട്ടുള്ള തുക

| | ചോദ്യം | ഉത്തരം |
|---|---|---|
| | ശ്രീ. ബി. സത്യൻ | ബഹു: ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി ശ്രീ. കെ.എം. മാണി |
| (എ) | സർക്കാർ വകുപ്പുകളും സ്ഥാപനങ്ങളും ചെലവിടാതെ ബാങ്കുകളിലും ട്രഷറിയിലും നിക്ഷേപിച്ചിട്ടുള്ള പണം സംബന്ധിച്ച കണക്കുകൾ ലഭ്യമാക്കാമോ; | 7.3.2015-ലെ കണക്കുകൾ പ്രകാരം, സർക്കാർ വകുപ്പുകളും സ്ഥാപനങ്ങളും 4221.92 കോടി രൂപയാണ് ചെലവിടാതെ ട്രഷറിയിൽ സൂക്ഷിച്ചിട്ടുള്ളത് . സർക്കാർ വകുപ്പുകൾക്കും സ്ഥാപനങ്ങൾക്കും' സർക്കാർ നൽകുന്ന ഫണ്ടുകളും ധനസഹായങ്ങളും ട്രഷറിയിലാണ് നിക്ഷേപി ച്ചിട്ടുള്ളത്. ഇത്തരം ഫണ്ടുകൾ ബാങ്കുകളിൽ നിക്ഷേപിക്കാൻ പാടില്ലായെന്ന് കാലാകാലങ്ങളിൽ നിർദ്ദേശം നൽകിയി ട്ടുണ്ട്. |
| (ബി) | ട്രഷറിയിൽ സൂക്ഷിച്ചിട്ടുള്ള തുക എത്ര; മറ്റ് ബാങ്കുകളിൽ സൂക്ഷിച്ചിട്ടുള്ള തുക എത്രയെന്ന് വിശദമാക്കാമോ; | |
| (സി) | ഏതെല്ലാം വർഷങ്ങളിൽ ചെലവഴിക്കേണ്ടിയിരുന്ന പണമായിരുന്നു ഇവയെന്ന് വിശദമാക്കാമോ; | 7.3.2015 ലെ കണക്കുകൾ പ്രകാരം സർക്കാർ വകുപ്പുകളുടേയും സ്ഥാപനങ്ങളുടേയും പേരിൽ 4221.92 കോടി രൂപ ചെലവഴിക്കാനായി ട്രഷറിയിലുണ്ട്. 2014-15 സാമ്പത്തിക വർഷത്തിൽ 7.3.2015 വരെ വിവിധ വകുപ്പുകൾക്കും സ്ഥാപനങ്ങൾക്കും സർക്കാർ നൽകിയ ഫണ്ടുകളും ധനസഹായങ്ങളും ഉൾപ്പെടെയുള്ള തുകയാണ് മേൽപ്പറഞ്ഞ 4221.92 കോടി രൂപ. പ്രസ്തുത തുകയിൽ, മുൻവർഷങ്ങളിൽ ചെലവാക്കേണ്ടിയിരുന്ന തുക പ്രത്യേകമായി കണക്കാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ